# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി4/1032/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 08/09/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി4/1032/2021 തീയ്യതി: 08/09/2021

## കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 29-02-2020 മുതൽ 15-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വാസുദേവൻ എം | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 28-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 28-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഹരി കെ പി ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ ഗിരീശൻ പാറപ്പോയിൽ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ സതീഷ് കുമാർ സി പി അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ജയകുമാർ പാലോളി അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ശ്രീജിത്ത് കെ വി ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| അശോകൻ കോട്ട് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ജയരാജൻ പി | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിത പാലേരി | കൃഷി ഓഫീസർ | 01-04-2019 | 25-10-2019 |
| വരുൺകുമാർ | കൃഷി ഓഫീസർ | 25-11-2019 | 31-03-2020 |
| നീതു ദിവാകർ | വെറ്റിനററി സർജൻ | 01-04-2019 | 31-03-2020 |
| ഫാസിൽ കെ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| വിജില | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| അവിനാഷ് | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശാന്തകുമാർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| മിനി എപി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| അനി സി.ടി | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ബാബുരാജ് | ഹെഡ് മാസ്റ്റർ | 01-04-2019 | 26-06-2019 |
| ബാബു കെ.ടി.കെ | ഹെഡ് മാസ്റ്റർ | 27-06-2019 | 31-03-2020 |
| ജിഷ ഒ.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സാമ്പത്തിക പ്രവർത്തനങ്ങൾ ബജറ്റിന് അനുസൃതമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-1 |
| 2 | റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-1-1 |
| 3 | വാർഷിക പദ്ധതിയ്ക്ക് തുക വകയിരുത്തിതിലും വീഴ്ച വന്നു<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-1-2 |
| 4 | ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ-ബജറ്റ് പുതുക്കുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-1-3 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-2 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Gireeshan Parappoyil (Audit Officer (HG), On 31-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-3. |
| 7 | പദ്ധതി അവലോകനം<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-4 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-5 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-6 |
| 10 | ക്യാഷ് പരിശോധന<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-7 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-8 |
| 12 | വാർഷിക കണക്കുകളുടെ അപാകതകൾ<br>Written By: Srijith K.V (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-9 |
| 13 | വിവിധോദ്ദേശ്യങ്ങൾക്കുള്ള/സംയുക്ത പ്രൊജക്ടുകൾക്കുള്ള ഫണ്ട് പരിപാലനത്തിൽ അപാകത<br>Written By: Gireeshan Parappoyil (Audit Officer (HG), On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-10 |
| 14 | നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ അനധികൃത നിർമ്മാണം-കൂട്ടിച്ചേർത്ത ഭാഗത്തിന് മാത്രം UA നമ്പർ നൽകി<br>Written By: Srijith K.V (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 1-11 |
| 15 | കെട്ടിട നിർമ്മാണ നിയന്ത്രണം- നടപടിക്രമങ്ങളിൽ വീഴ്ച വരുത്തുന്നു. | 1-12 |

| | | |
|---|---|---|
| | Written By: Srijith K.V (Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | |
| 16 | ഒരേ വർഷം തന്നെ ഓരേ റോഡിലെ പ്രവൃത്തികൾക്കായി ഒന്നിലധികം പദ്ധതികൾ തയ്യാറാക്കുന്നു.<br>Written By: Jayakumar Paloli (Asst. Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-13 |
| 17 | പൊതുമരാമത്ത് പദ്ധതി നടത്തിപ്പിലെ പൊതു അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 30-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-14 |
| 18 | വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 04-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-15 |
| 19 | ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 04-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-16 |
| 20 | അംഗനവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: SathishKumar C P (Asst. Audit Officer, On 04-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-17 |
| 21 | മറ്റൊരു അക്കൌണ്ടിലേക്ക് തുക കൈമാറി<br>Written By: SathishKumar C P (Asst. Audit Officer, On 04-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-18 |
| 22 | രേഖകൾ ഹാജരാക്കാതെ വിവാഹ ധനസഹായം<br>Written By: SathishKumar C P (Asst. Audit Officer, On 04-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 1-19 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | മറ്റൊരു അക്കൌണ്ടിലേക്ക് തുക കൈമാറി<br>Written By: SathishKumar C P (Asst. Audit Officer, On 04-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Gireeshan Parappoyil (Audit Officer (HG), On 03-08-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| | Written By: Gireeshan Parappoyil (Audit Officer (HG), On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 07-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Gireeshan Parappoyil (Audit Officer (HG), On 03-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 03-08-2021)<br>Last Updated By: Vasudevan M (Deputy Director, On 08-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 സാമ്പത്തിക പ്രവർത്തനങ്ങൾ ബജറ്റിന് അനുസൃതമല്ല

ഓഡിറ്റ് വർഷത്തെ ബജറ്റ് 4.02.2019 തീയതിയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി അംഗീകരിക്കുകയും 12.02.2019 തീയതിയിലെ തീരുമാനം 2 പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 10278603/-രൂപ മുൻബാക്കിയുൾപ്പടെ 208827478/-രൂപ ആകെ വരവും 197999775/-രൂപ ആകെ ചെലവും 10827703/-രൂപ നീക്കിയിരിപ്പുമാണ് ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത്. കൃത്യമായ സമയക്രമം പാലിച്ചുതന്നെ ബജറ്റ് തയ്യാറാക്കിയെങ്കിലും താഴെ പറയുന്ന പോരായ്മകൾ ബജറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട് സംഭവിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് 4.02.2019 തീയതിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി അംഗീകരിക്കുകയും 12.02.2019 തീയതിയിലെ തീരുമാനം 2 പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 10278603/-രൂപ മുൻബാക്കിയുൾപ്പടെ 208827478/-രൂപ ആകെ വരവും 197999775/-രൂപ ആകെ ചെലവും 10827703/-രൂപ നീക്കിയിരിപ്പുമാണ് ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത്. കൃത്യമായ സമയക്രമം പാലിച്ചുതന്നെ ബജറ്റ് തയ്യാറാക്കിയെങ്കിലും താഴെ പറയുന്ന പോരായ്മകൾ ബജറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട് സംഭവിച്ചിട്ടുണ്ട്.

### 1-1-1 റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, 2.12.2016ലെ ജി.ഒ ആർ ടി 3291/2016 എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയി രിക്കുന്നത്. മാന്വൽ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ,തനത് വരുമാനവും റവന്യൂ ചെലവുകളും എപ്രകാരം കണക്കാക്കി എന്ന് വ്യക്തമാക്കുന്ന വർക്കിംഗ് പേപ്പറുകൾ ബജറ്റ് ഫയലിൽ ലഭ്യമല്ല.ഇതുകൊണ്ട് തന്നെ മേല്പറഞ്ഞവ സംബന്ധിച്ച എസ്റ്റിമേറ്റ് വസ്തുതാപര മാണോയെന്ന് പരിശോധിക്കാനായിട്ടില്ല.

### 1-1-2 വാർഷിക പദ്ധതിയ്ക്ക് തുക വകയിരുത്തിതിലും വീഴ്ച വന്നു

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 175 പ്രകാരം തയ്യാറാക്കി ഡി.പി.സി അംഗീകാരം വാങ്ങുന്ന വാർഷിക പദ്ധതി നിർദ്ദേശങ്ങൾ (പ്ലാൻ പ്രൊപ്പോസൽ) കൂടി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റിൽ പരിഗണിക്കണം . ബജറ്റ് തയ്യാറാക്കുന്നതിന് മുമ്പ് ഈ നടപടിക്രമം പൂർത്തിയാകാത്ത സന്ദർഭങ്ങളിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി പ്ലാൻ വിഭവസ്രോതസ്സുകളുടെ സബ് സെക്ടർ അനുസരിച്ചുള്ള അലോക്കേഷൻ ഒരു പ്രമേയത്തിലൂടെ തീരുമാനിച്ച് അത് ബജറ്റിൽ ഉൾപ്പെടുത്തണം (മാന്വൽ,ഖണ്ഡിക 2.2) സ്ഥാപനത്തിന്റെ കാര്യത്തിൽ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതിക്ക്, ബജറ്റ് അംഗീകരിക്കുന്നതിന് മുമ്പ് തന്നെ ഡി പി സി അംഗീകാരം ലഭിച്ചതിനാൽ (ഡി.പി.സി അംഗീകാരം24.12.2018ന് ലഭിച്ചിട്ടുണ്ട്) ബജറ്റ് വാർഷിക പദ്ധതിയെ ഉൾക്കൊള്ളണം. എന്നാൽ 8.36 കോടി രൂപയുടെ വാർഷിക പദ്ധതിക്കാണ് ഡി.പി.സി അംഗീകാരം നല്കിയതെങ്കിലും ബജറ്റിലെ വാർഷിക പദ്ധതി വകയിരുത്തൽ രേഖപ്പെടുത്തുന്ന ബജറ്റ് ഷെഡ്യൂൾ 9, 12 എന്നിവ പ്രകാരം ആകെ 11.3കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അംഗീകരിച്ച വാർഷിക പദ്ധതി തുകയേക്കാൾ 2.94കോടി രൂപ അധികം ബജറ്റിൽ വകയിരുത്തിയപ്പോൾ മേൽ നിർദ്ദേശിച്ചപോലെ പ്ലാൻ വിഭവസ്രോതസ്സുകളുടെ സബ് സെക്ടർ അനുസരിച്ചുള്ള അലോക്കേഷൻ ഒരു പ്രമേയത്തിലൂടെ തീരുമാനിക്കപ്പെട്ടിട്ടില്ല.

## 1-1-3 ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ-ബജറ്റ് പുതുക്കുന്നില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയ തുകയിൽ കൂടുതലോ തുക ചെലവഴിക്കേണ്ടി വരുമ്പോൾ പുതുക്കിയതോ സപ്ലിമെന്ററിയോ ആയ ബജറ്റ് അംഗീകരിച്ച് മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്ട് ,സെക്ഷൻ 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ ,തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസാക്കേണ്ടതാണ്.എന്നാൽ ഇത് പാലിക്കപ്പെട്ടി ട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ലക്ഷ്യങ്ങൾ നിശ്ചയിക്കാതെ വകയിരുത്തിയ 2.94 കോടി രൂപ , തുടർന്ന് സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി ഡി പി സി അംഗീകാരം വാങ്ങിയപ്പോഴും ക്രമപ്പെടുത്തി ബജറ്റ് പുതുക്കിയില്ല. വാർഷിക പദ്ധതിക്ക് പുറമേ മറ്റ് വരവ് ചെലവ് വകയിരുത്തലുകളുടെ കാര്യത്തിലും വൻ ബജറ്റ് വ്യതിയാനം വന്നത്, വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ പോലും ക്രമീകരിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷികകണക്കു പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 130 | 78000 | 78000 | 81270 |
| 2 | 150 | 110000 | 71000 | 116474 |
| 3 | 311 | 50000 | 558580 | 585347 |
| 4 | 220 | 2398900 | 1248718 | 1514858 |
| 5 | 230 | 2291700 | 1085609 | 2383246 |
| 6 | 256 | 0 | 0 | 23520 |

ബജറ്റ് പ്രൊവിഷനേക്കാൾ അധികരിച്ച് ചെലവു ചെയ്തതു പോലെ, ബജറ്റ് പ്രൊവിഷനെ അപേക്ഷിച്ച് വളരെ കുറഞ്ഞ വരവ് ചെലവുകളും വന്നിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ കൃത്യതയില്ലായ്മ വെളിവാക്കുന്ന ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷികകണക്കു പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 250 | 6670032 | 7468800 | 4777245 |
| 2 | 251 | 48833637 | 57095000 | 48944930 |
| 3 | 252 | 1890000 | 4700000 | 188006 |
| 4 | 253 | 1180238 | 1980238 | 1718814 |
| 5 | 255 | 500000 | 10320000 | 2290878 |
| 6 | 254 | 60700000 | 60000000 | 26976223 |

ബജറ്റ് പ്രൊവിഷനില്ലാതെ വരവ് ചെലവ് നടത്തിയതിനും ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട തിന് മറുപടി നല്കിയിട്ടില്ല.

വിശദീകരണം നല്കേണ്ടതും തുടർവർഷങ്ങളിൽ അപാകതകൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-2 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19895531 |
| വരവ് | 71231783 |
| ആകെ | 91127314 |
| ചെലവ് | 72536595 |
| നീക്കിയിരിപ്പ് | 18590719 |

നീക്കിയിരിപ്പ് തുകയിൽ 5202546 രൂപ കേന്ദ്ര/സംസ്ഥാന/ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നാളിതുവരെ ലഭിച്ച തുകയിൽ വിനിയോഗിക്കാതെ ബാക്കി നില്ക്കുന്നതാണെന്ന് ബാലൻസ് ഷീറ്റ് വ്യക്തമാക്കുന്നു. ഇത്തരം ധനസഹായങ്ങൾ സമയബന്ധിതമായി തീർപ്പാക്കാത്തത് വീഴ്ചയാണ്.

## 1-3. ഫണ്ട് വിനിയോഗം

| ഗ്രാന്റ് | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് (ക്യൂബിൽ തുക) |
|---|---|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | | 0 | 16861000 | 16861000 | 16861000 | 0 | 0 |
| വികസനഫണ്ട്(SCP) | | 0 | 4673000 | 4673000 | 2809857 | 0 | 1863143 |
| വികസനഫണ്ട്(TSP) | | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC UNTIED) | | 0 | 11743895 | 11743895 | 7074420 | 0 | 4669475 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | | 0 | 7485000 | 7485000 | 5441103 | 0 | 2043897 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | | 0 | 4575000 | 4575000 | 2885634 | 0 | 1689366 |
| പ്രത്യേക ഗ്രാന്റ്(ഇനം തിരിച്ച്) | | | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | കേരളോത്സവം | | 20000 | 20000 | 0 | 20000 | |
| | ജലനിധി | 0 | 453169 | 453169 | 441029 | 12140 | |
| | ലൈഫ് ധനസഹായം | 42860 | 700000 | 742860 | 700000 | 42860 | |
| | ഊർജ്ജ മിഷൻ അവാർഡ് | 0 | 100000 | 100000 | 0 | 100000 | |
| | ഹരിത അവാർഡ് | 0 | 300000 | 300000 | 0 | 300000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ബെവ്കോ CSRഫണ്ട് | 0 | 663033 | 663033 | 0 | 663033 | |
| | Mgnregs 100 തൊ.ദിനം റിവാർഡ് തുക | 0 | 298000 | 298000 | 0 | 298000 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | NREGS | 2431 | 1299300 | 1301731 | 1299085 | 2646 | |
| | ICDS | 755458 | 922325 | 1677783 | 521379 | 1156404 | |
| | MP Fund | 289514 | 1445493 | 1735007 | 1445493 | 289514 | |

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫണ്ട് വിനിയോഗം സംബന്ധിച്ച പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. സ്ഥാപനം സമർപ്പിച്ച ഗ്രാന്റ് വിനിയോഗ പത്രികയും സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ചെലവ് പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട് വിനിയോഗ പത്രിക പ്രകാരം വികസനഫണ്ട് ജനറൽ വരവായി രേഖപ്പെടുത്തിയിട്ടുള്ളത് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും സ്ഥാപനം പിൻവലിച്ച തുകയായ 14930537 രൂപയാണ്. എന്നാൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടെയുള്ള 16861000 രൂപയാണ് പദ്ധതി ചെലവായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇക്കാരണത്താൽ വികസനഫണ്ട് ജനറലിന്റെ നീക്കിയിരിപ്പ് കമ്മിയായാണ് പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളത്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 103394517 | 103 | 50453943 | 27 | 60 | 54.21 |

മേല്പറഞ്ഞ പ്രകാരം 190പ്രൊജക്ടുകൾക്ക് വിവിധ ധനസ്രോതസ്സുകളിൽ നിന്നായി 10.34കോടി രൂപ വകയിരുത്തിയതിൽ 5.04 കോടി രൂപ 130പ്രൊജക്ടുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ 27പ്രൊജക്ടുകൾക്ക് ഭാഗിക ചെലവാണ് വന്നത്.എന്നാൽ അവശേഷിക്കുന്ന പ്രൊജക്ടുകളിൽ മിക്കതും തൻവർഷം തന്നെ നിർവ്വഹിച്ച് ബില്ല് ട്രഷറിയിൽ സമർപ്പിച്ചെങ്കിലും ക്യൂബിൽ ആകുകയായിരുന്നു. പ്ലാൻ, CFC, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നായി 10265881/-രൂപയുടെ ക്യൂബിൽ സമർപ്പിക്കപ്പെട്ടത് പരിഗണിക്കുമ്പോൾ ആകെ പദ്ധതിച്ചെലവ് 6.06 കോടി രൂപ വരുന്നുണ്ട്. ഇത് പരിഗണിക്കുമ്പോൾ ഓഡിറ്റ് വർഷം ലഭിച്ച മുഴുവൻ പ്ലാൻ, CFC, മെയിന്റനൻസ് ഗ്രാന്റ് തുകയും വിനിയോഗിക്കാൻ കഴിഞ്ഞെന്ന കാണാം . എന്നാൽ മുൻ വർഷത്തെ സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി വകയിരുത്തിയ തുകയും അതിൽ നിന്നുള്ള ചെലവും പരിഗണിക്കുമ്പോൾ ഗ്രാന്റുകളുടെ പൂർണ്ണമായ വിനിയോഗം നടന്നിട്ടില്ലെന്ന് കാണാം.ആകെ വകയിരുത്തിയ തുകയുടേയും അലോട്ട് മെന്റിന്റേയും വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | അലോട്ട് മെന്റ് | 2-3 |
|---|---|---|---|
| 1 | 2 | 3 | 4 |
| പ്ലാൻ ഫണ്ട്(ജനറൽ) | 21251746 | 15361000 | 5890746 |
| | | | |

| | | | |
|---|---|---|---|
| വികസനഫണ്ട്(SCP) | 5287759 | 4673000 | 614759 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(CFC UNTIED) | 13251021 | 11741000 | 1510021 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 8843000 | 7485000 | 1358000 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 5237422 | 4575000 | 662422 |
| ആകെ | 53870948 | 43835000 | 10035948 |

കുറിപ്പ്: മേല്പറഞ്ഞത് കൂടാതെ 15 ലക്ഷം രൂപ കൂടി ഏറ്റവും നല്ല പഞ്ചായത്തിനുള്ള അവാർഡ് തുകയായി ലഭിച്ചിട്ടുണ്ട്.പ്ലാൻ ഫണ്ടിൻ(ജനറൽ)നൊപ്പമാണ് ഇത് ലഭിച്ചതും വിനിയോഗിച്ചതും.

വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി മേൽ ഗ്രാന്റുകളിൽ നിന്നും 10035948/- രൂപ ബജറ്റ് വിഹിതത്തിന് ഉപരിയായി വകയിരുത്തിയിട്ടുണ്ട്. തൻവർഷത്തെ ബജറ്റ് വിഹിതത്തിന്റെ 20% വരെ ഇത്തരത്തിൽ സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് വകയിരു ത്താമെന്ന15.5.2019ലെ സാധാ.990/2019/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തിരിക്കുന്നത്. എന്നാൽ ഉത്തരവിൽ വ്യത്യസ്തമായി 22.89ശതമാനത്തിന്റെ വകയിരുത്തലാണ് സ്ഥാപനം നടത്തിയിരിക്കുന്നത്. ഇത് എപ്രകാരമെന്ന് വിശദമാക്കേണ്ടതാണ്.

മേൽ ഗ്രാന്റിനങ്ങളിൽ നിന്നും 8481819/- രൂപ സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി വിനിയോഗിച്ചി ട്ടുണ്ട്. ഇത് പരിഗണിക്കുമ്പോൾ ഓഡിറ്റ് വർഷത്തെ അലോട്ട്മെന്റിൽ നിന്നും അത്രയും തുക നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കാണാവുന്നതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2431 | 1299300 | 1301731 | 1299085 | 2646 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 30039907 | 30039907 | 30039907 | 0 |
| മെറ്റീരിയൽ | 0 | 7121631 | 71231783 | 71231783 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 119760 | 101 |
| കർഷക തൊഴിലാളി പെൻഷൻ | 3876000 | 442 |
| വിധവാ പെൻഷൻ | 10813800 | 1405 |
| വാർദ്ധക്യകാലപെൻഷൻ | 17863800 | 2547 |
| വികലാംഗപെൻഷൻ | 308400 | 373 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1211400 | 152 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.07.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 5740 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.02.2020 | 01/20 | 27.2.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.09.17-19.09.17 | 12-13 മുതൽ 16-17വരെ | LBA(HQ)VI/8A2691/ 229-30/10/17 |

1-9 വാർഷിക കണക്കുകളുടെ അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട റേഷ്യോസ്, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ താരതമ്യ തുകകളും അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. 3 മാസ സമയ പരിധി പിന്നിട്ടിട്ടും പണമാക്കാതെ കാലഹരണപ്പെട്ട ചെക്കുകൾ പൂർണ്ണമായും Stale Cheque ബാധ്യതാശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വർഷങ്ങളായി Stale Cheque ബാധ്യതാ ശീർഷകത്തിലേക്ക് മാറ്റിയതും ക്ലെയിം അവകാശപ്പെടാ ത്തതുമായ ചെക്കുകൾ വരുമാനമായി മുതൽ കൂട്ടിയിട്ടില്ല. B9 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ 111777 രൂപ അവശേഷിക്കുന്നുണ്ട്.
3. ലോൺ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി കാലികമാക്കിയിട്ടില്ല.
4. 3 വർഷ കാലപരിധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല. ഉദാ- Suppliers EMD, Other Deposits മുതലായവ.
5. വാർഷിക കണക്കിലെ ബി9 സ്റ്റേറ്റ്മെന്റ് പ്രകാരം വാറ്റ് ഉൾപ്പെടെയുള്ള ബാധ്യതകൾ തിരിച്ചടക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
6. വാർഷിക കണക്കിലെ ബി9 സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി മുൻകൂർ ഇനത്തിൽ 34666 ബാധ്യതാ ഇനത്തിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ എത്ര രൂപ വരും വർഷങ്ങളിലേക്ക് അക്കൗണ്ട് ചെയ്യേണ്ടതാണെന്നോ, എതെല്ലാം അക്കൗണ്ടു കളിലേക്ക് ക്രമീകരിക്കേണ്ടതാണെന്നുമുള്ള വിശദാംശങ്ങൾ സ്ഥാപനത്തിൽ ലഭ്യമല്ല.
7. സാമൂഹ്യസുരക്ഷാ പദ്ധതികളുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ സ്ഥാപനം ചെലവഴിച്ച തുക പൂർണ്ണമായും വരവ് ചെലവ് ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ പട്ടികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

| ക്രമ നം | പെൻഷൻ/പദ്ധതിയുടെ പേര് | വാർഷിക കണക്ക് പ്രകാരമുള്ള വരവ്/ചെലവ് | യഥാർത്ഥ വരവ്/ ചെലവ് |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 2788800 | 3876000 |
| 2 | വാർദ്ധക്യ കാല പെൻഷൻ | 12699000 | 17863800 |
| 3 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 2203200 | 3083400 |
| 4 | 50 കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 887400 | 1211400 |
| 5 | വിധവാ പെൻഷൻ | 7912200 | 10813800 |
| | | | |

| | | | |
|---|---|---|---|
| 6 | തൊഴിൽ രഹിത വേതനം | 32880 | 119760 |
| 7 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 90000 |

8. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ- വാഹനം, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ.

9. സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത് .തൻ വർഷം പ്രവൃത്തി പൂർത്തീ കരിച്ച് ആസ്തി ആർജ്ജിക്കപ്പെട്ടതും ക്യൂ ബിൽ ആയതിനാൽ അടുത്ത സാമ്പത്തിക വർഷം തുക നൽകാനുള്ളതുമായ ചെലവുകൾ വാർഷിക കണക്കിൽ ആസ്തി /ബാധ്യതാ പത്രികകളിൽ ഉൾകൊള്ളിക്കുന്നില്ല.

10. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ (റോഡുകൾ) ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടത്തുന്നതിനായി താത്കാലികമായി വിട്ടു നൽകുകയും പ്രവൃത്തി പൂർത്തീകരിച്ച് തിരികെ ലഭിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ ആസ്തികളുടെ മൂല്യത്തിലുള്ള വ്യതിയാനം സ്ഥാപനത്തിന്റെ കണക്കുകളിൽ പ്രതിഫലിക്കുന്നില്ല .

അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാ ക്കേണ്ടതാണ്.

## 1-10 വിവിധോദ്ദേശ്യങ്ങൾക്കുള്ള/സംയുക്ത പ്രൊജക്ടുകൾക്കുള്ള ഫണ്ട് പരിപാലനത്തിൽ അപാകത

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 4 പ്രകാരം വിവിധ ഉദ്ദേശ്യങ്ങൾക്ക് വിവിധ സ്ഥാപന ങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ 9039518/-രൂപ ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. തനത് ഫണ്ട് ഉൾപ്പടെയുള്ള ബാങ്ക് അക്കൗണ്ടുകളിലാണ് ഈ തുകകൾ നിക്ഷേപിച്ചിരിക്കുന്നത്. വിവിധ സംയുക്ത പ്രൊജക്ടുകൾക്കായി തൻവർഷമുൾപ്പടെ (തൻവർഷത്തെ വിശദാംശത്തിനായി ഖണ്ഡിക 4-2കാണുക) വിവിധ വർഷങ്ങളിൽ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 3627565/- രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 1574981/- രൂപയും ഈ തുകയിൽ ഉൾപ്പെട്ടു ന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ട് നല്കിയ സ്ഥാപനം | ഉദ്ദ്യേശം(മൂലധന/റവന്യൂ ചെലവ് ) | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 4 | ജില്ലാപഞ്ചായത്ത് | മൂലധനചെലവ് | 3085730 |
| 5 | ജില്ലാപഞ്ചായത്ത് | റവന്യൂ ചെലവ് | 541835 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | മൂലധനചെലവ് | 161877 |
| 10 | ബ്ലോക്ക് പഞ്ചായത്ത് | റവന്യൂ ചെലവ് | 1399627 |
| | ബ്ലോക്ക് പഞ്ചായത്ത് | റവന്യൂ ചെലവ്(2016ൽ പെയിൻ &പാലിയോറ്റീന് കെയറിന് ലഭിച്ച തുക | 13477 |
| ആകെ | | | 5202546 |

മേൽ ധനസഹായങ്ങളുടെ കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ഫണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയുമാണ്.

13-ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ സ.ഉ. (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരി ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1) സംയുക്ത പ്രൊജക്ടുകൾക്ക് പ്രത്യേകമായി ഒരു സ്പെഷൽ ടി.എസ്.ബി അക്കൗണ്ട് തുടങ്ങേണ്ടതും ഇതിൽ സംയുക്ത പ്രൊജക്ടുകൾക്കു ലഭ്യമാകുന്ന തുകകൾ മാത്രം നിക്ഷേപിക്കേണ്ടതുമാണ്.

2) ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്റ്റംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

3) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗി ക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം ഫെബ്രുവരി 28ന മുമ്പേ തിരിച്ച നല്കേണ്ടതുമാണ്.

4) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയി രിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

5)സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട്മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

6) മേല്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചിരുന്നെങ്കിൽ സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് മാർച്ച് 31 ന് ശൂന്യമാകുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ മാർച്ച് 31 ന് അവശേഷിക്കുന്ന ഫണ്ട് സർക്കാരി ലേക്ക് സറണ്ടർ ചെയ്യേണ്ടതാണ്. എന്നാൽ നീക്കിയിരിപ്പ് തുക സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മറുപടി നല്കുന്നതിനൊപ്പം താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1) അക്കൗണ്ടിൽ നീക്കിയിരിപ്പായ 5202546/- രൂപ അടിയന്തിരമായി സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതാണ്. പ്രൊജക്ട് നിർവ്വഹണത്തിനായി തുക ബാധ്യതപ്പെട്ടെങ്കിൽ തുക സറണ്ടർ ചെയ്യാതെ ഉപയോഗപ്പെടുത്തുന്നതിന് സർക്കാരിന്റെ അനുമതി വാങ്ങി ഉപയോഗപ്പെടു ത്താവുന്നതാണ്. അനുമതി ലഭിക്കാത്ത പക്ഷം സ്പിൽ ഓവർ ബാധ്യത പ്രൊജക്ടിൽ പങ്കെടുത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി ഈ വർഷമോ അടുത്ത വർഷമോ ലഭ്യമാകുന്ന അലോട്ട് മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

2) ഇത്തരം പ്രൊജക്ടുകളുടെ ഫണ്ട് പങ്കെടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഉത്തരവിൽ സൂചിപ്പിച്ച സമയക്രമപ്രകാരം ലഭിക്കാൻ ഇനി മുതൽ ശ്രമം നടത്തേണ്ടതാണ്.

3) ഇപ്രകാരം ലഭിക്കുന്ന ഫണ്ട് ഉത്തരവിൽ സൂചിപ്പിച്ച സമയ ക്രമപ്രകാരം ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതും, പ്രൊജക്ട് ബാധ്യതയു ണ്ടെങ്കിൽ പരിഹരിക്കാൻ ഉത്തരവിലെ നിർദ്ദേശാനുസരണം പ്രവർത്തിക്കേണ്ടതുമാണ്.

ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിച്ച് പരാമർശം ഒഴിവാക്കാവുന്നതാണ്.

**1-11 നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ അനധികൃത നിർമ്മാണം-കൂട്ടിചേർത്ത ഭാഗത്തിന് മാത്രം UA നമ്പർ നൽകി**

ശ്രീ.ബാലൻ, ഉഷസ്സ്, മാക്കണ്ടി ,പൂക്കാട് എന്നവരുടെ ഉടമസ്ഥതയിലുള്ള രണ്ടുനില കെട്ടിടത്തിന് മുകളിൽ (കെട്ടിട നമ്പർ 7/521, 7/522) അനധികൃതമായി മൂന്നാം നില പണിയുകയും പ്രസ്തുത കെട്ടിട ഭാഗത്തിന് UAB 7/2 നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടഭാഗത്തിന് മാത്രമായി 3 മടങ്ങ് വസ്തുനികുതിയും ഈടാക്കുന്നുണ്ട്. എന്നാൽ മൂന്നാം നില നിർമ്മിച്ചതോട് കൂടി കെട്ടിടത്തിന്റെ ഘടന, ഉയരം,വിസ്തീർണ്ണം, തറവിസ്തീർണ്ണ അനുപാതം, ആവശ്യമായ പാർക്കിംഗ്, ആവശ്യമായ ശുചിമുറികൾ എന്നിവയിൽ മാറ്റം ഉണ്ടായിട്ടുണ്ട്. കെട്ടിടത്തെ ഒരൊറ്റ യൂണിറ്റായി കാണാതെ പുതുതായി നിർമ്മിച്ച ഭാഗത്തിന് മാത്രം UA നമ്പർ നൽകുകയാണ് ചെയ്തിട്ടുള്ളത്. കെട്ടിടത്തിന്റെ ഉയരം, തറവിസ്തീർണ്ണാനുപാതം, ഘടന , അഗ്നിസുരക്ഷാ സംവിധാനങ്ങൾ, പാർക്കിംഗ് സൗകര്യം, എന്നിവ പരിശോധിച്ച് കെട്ടിടം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടോ എന്നത് ഉറപ്പ് വരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 235 ഡബ്ല്യൂ, എഎ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-12 കെട്ടിട നിർമ്മാണ നിയന്ത്രണം- നടപടിക്രമങ്ങളിൽ വീഴ്ച വരുത്തുന്നു.**

2019-20 വർഷത്തെ കെട്ടിട നിർമ്മാണ അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന പൊതു അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മൂന്ന് മുതൽ പത്ത് വർഷം വരെ കാലപരിധി പിന്നിട്ട പെർമിറ്റുകളെ യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്ന ഒരു സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട സങ്കേതം സോഫ്റ്റ്‌വെയറിലും മേൽ ചുമതല നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഇത് മൂലം നിർമ്മാണം പൂർത്തീകരിച്ചിട്ടും പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്ത ഉടമകൾ, പഞ്ചായത്തിന്റെ അനുമതിയി ല്ലാതെ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, എന്നിവ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തി നടപടിയെടുക്കുന്നതിന് സ്ഥാപനത്തിന് വീഴ്ചയുണ്ടായി എന്നതിന് തെളിവാ ണ് 2019-20,2020-21 വർഷങ്ങളിൽ ഫീൽഡ് തല പരിശോധനയിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ട കെട്ടിടങ്ങൾ.
2. ഓഡിറ്റ് പരിശോധന നടത്തിയ ഭൂരിഭാഗം ഫയലുകളിലും എൽ.ബി.എസ് സമർപ്പിക്കുന്ന പ്ലാനുകളിലെ അളവുകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ തെറ്റായി സമർപ്പിക്കുന്നതായി കാണുന്നു. ഉദാഹരണമായി ഫയൽ നം5077/19, അതിരളവുകൾ വ്യക്തമല്ല. ഇപ്രകാരം അപാകതകളോടെ തയ്യാറാക്കി സമർപ്പിക്കപ്പെടുന്ന പ്ലാനുകളിൽ എൽ.ബി.എസിനെ തിരെ കെ.പി.ബി.ആർ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്.
3. കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ പ്രകാരം നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ഉടമകൾക്കെതിരെ സെക്ഷൻ 235 ഡബ്ളിയു പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. സെക്ഷൻ 235 എ.എ പ്രകാരം നമ്പർ അനുവദിച്ച കെട്ടിടങ്ങൾ യാതൊരുവിധ ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. എന്നാൽ ആയത് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലും പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.
4. അപാകതകൾ പരിഹരിക്കുന്നതിന് കത്തയച്ചതും എന്നാൽ തുടർപ്രതികരണങ്ങൾ ലഭ്യമല്ലാത്തതുമായ ഫയലുകൾ അനുമതി നിരസിച്ച് ഉടരുന്നതായി കാണുന്നു. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

ഉദാ.രാമചന്ദ്രൻ.കെ.വി, അരിൻ നിവാസ്, ചേമഞ്ചേരി എന്നവരുടെ 1062.68 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിട നിർമ്മാണ അനുമതിക്കുള്ള 5488/2019 നമ്പർ അപേക്ഷയോടൊപ്പം സമർപ്പിച്ച

ആധാരം, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവയിൽ നിന്നും കെട്ടിടത്തിന്റെ തരം നഞ്ച ആണെന്നത് വ്യക്തമാണ്. ഭൂമിയുടെ തരം മാറ്റിയതിന്റെ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുമില്ല. മേൽ അപേക്ഷ നിരസിച്ച് ഫയൽ തീർപ്പാക്കാതെ ദക്ഷിണ റയിൽവെയിൽ നിന്നും കെട്ടിട നിർമ്മാണ അനുമതിക്കായി നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നു.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച പൊതു അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലാ പരമായ പങ്ക് വഹിക്കേണ്ടതുമാണ്.

## 1-13 ഒരേ വർഷം തന്നെ ഓരേ റോഡിലെ പ്രവൃത്തികൾക്കായി ഒന്നിലധികം പദ്ധതികൾ തയ്യാറാക്കുന്നു.

2019-20 വർഷത്തെ പൊതു മരാമത്ത് പദ്ധതികളുടെ നിർവ്വഹണം പരിശോധിച്ചതിൽ ഒരേ റോഡിലെ പ്രവൃത്തികൾക്കായി ഒന്നിലധികം പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | മൈക്കോട്ട് റോഡ് | 88 | 600000 | 57319 |
| 2 | മൈക്കോട്ട് റോഡ് പൂർത്തീകരണം | 198 | 200000 | |
| 3 | മല്ലിശ്ശേരി റോഡ് | 93 | 600000 | 518459 |
| 4 | മല്ലിശ്ശേരി റോഡ് പൂർത്തീകരണം | 199 | 150000 | |
| 5 | ഇലവയൽകുനി റോഡ് | 98 | 348226 | |
| 6 | ഇലവയൽകുനി റോഡ് പൂർത്തീകരണം | 204 | 146000 | 145932 |
| 7 | അംഗൻ ചാത്തൻകുനി റോഡ് | 100 | 700000 | 100000 |
| 8 | അംഗൻ ചാത്തൻകുനി റോഡ് പൂർത്തീകരണം | 201 | 100000 | 90830 |
| 9 | ചേമഞ്ചേരി യൂ.പി.സ്കൂൾ ചെട്ടിയാംകണ്ടി റോഡ് | 101 | 600000 | 599647 |
| 10 | ചേമഞ്ചേരി യൂ.പി.സ്കൂൾ ചെട്ടിയാംകണ്ടി റോഡ് | 202 | 180000 | 154966 |
| 11 | കുനിയിൽ മുക്ക് പെരുവയൽ ദേശസേവാ സമിതിറോഡ് | 107 | 850000 | 185000 |
| 12 | കുനിയിൽ മുക്ക് പെരുവയൽ റോഡ് പൂർത്തീകരണം | 196 | 240000 | 239437 |
| 13 | ബുഹാരി നടന്നൽ റോഡ് | 111 | 350000 | 57157 |
| 14 | ബുഹാരി നടന്നൽ റോഡ് പൂർത്തീകരണം | 200 | 260000 | 223369 |

മേൽ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഒരു റോഡിലെ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായാണ് തൻ വർഷം തന്നെ രണ്ടാമതായി അതേ പേരിൽ തന്നെ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് കാണുന്നു. ഇത് കൃത്യമായ ആസൂത്രണത്തിന്റ അടിസ്ഥാനത്തിലല്ല റോഡ് പ്രവൃത്തികൾക്കായി പദ്ധതികൾ തയ്യാറാക്കിയത് എന്ന് വ്യക്തമാക്കുന്നു. ഒരുറോഡിലെ മുഴുവൻ പ്രവൃത്തികളും മുൻകൂട്ടികണ്ട് പ്രവൃത്തികൾ ക്കാവശ്യമായ തുക വകയിരുത്തുന്നതിനുപകരം ലഭ്യമായ തുകയ്ക്കനുസരിച്ച് പദ്ധതികൾ രൂപീകരിക്കപ്പെടുന്നതാണ് പദ്ധതി പൂർത്തീകരണത്തിനായി വീണ്ടും പദ്ധതി രൂപീകരണം നടത്തേണ്ടി വരുന്നതിനിടയാക്കിയത്. ഇത്

കാരണം കരാറുകാരനെ കണ്ടെത്തുന്നതടക്കമുള്ള നടപടികൾ വീണ്ടും ചെയ്യേണ്ടിവരികയും പദ്ധതി പൂർത്തീകരണ ത്തിലും ഗുണഫലം ലഭിക്കുന്നതിലും കാലതാമസം വരുത്തുകയും ചെയ്യുന്നു. കൂടാതെ ഉയർന്ന അടങ്കലിലുള്ള പ്രവൃ ത്തി കളിലൂടെ ഉണ്ടാവുമായിരുന്ന ടെണ്ടർ നടപടികളുടെ മത്സരക്ഷമതയും , ക്ഷമതയുള്ള കരാറുകാരുടെ സാന്നിധ്യ വും ഉറപ്പ് വരുത്താൻ കഴിയാതെയും വരുന്നു. പദ്ധതികളുടെ എണ്ണക്കൂടുതൽ കാരണം പ്രവൃത്തികൾ കൃത്യമായും , ഗുണമേന്മയോടെയും നിർവ്വഹണം ചെയ്യുന്നു എന്ന് ഉറപ്പ് വരുത്താൻ കഴിയാതെയും വരുന്നു. ആയത് ഒഴിവാക്കേണ്ടതും ഒരു റോഡിലെ മുഴുവൻ പ്രവൃത്തികൾക്കായും ആവശ്യമായ തുക വകയിരുത്തി പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 പൊതുമരാമത്ത് പദ്ധതി നടത്തിപ്പിലെ പൊതു അപാകതകൾ

1 റോഡ് നിർമ്മാണപ്രവൃത്തികൾ -കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല .

റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാർ നേരിട്ട ബിറ്റുമിൻ വാങ്ങി ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ ഒറിജിനൽ ബിൽ കർശനമായും ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.11.2016-ലെ ജി.ഒ. (ആർടി) 3049/2016 നമ്പർ ഉത്തരവിൽ നിർദ്ദേശി ച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2019-20 വാർഷിക പദ്ധതിപ്രകാരം നടപ്പാക്കിയ പ്രവൃത്തികളുടെ ടാർ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആകയാൽ ബിറ്റുമിൻ വാങ്ങലിന്റെയും അതിന്റെ ഉപയോഗത്തിന്റെയും ആധികാരികത ഉറപ്പാക്കാനായിട്ടില്ല. ബിറ്റുമിൻ ബില്ലുകൾ വർക്ക് ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2-പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്ന തിന് ഇടയാക്കുന്നു.

3-പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കു ന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ല.

4-ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കുന്ന രീതി നടപ്പാക്കുന്നില്ല.

## 1-15 വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 50/20 |
| അടങ്കൽ | 10,00,000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 10,00,000/- |
| ബിൽ നം. തി. | 1/30.07.2019 (900,000/-)<br>3/25.10.2019 (100,000/-) |

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖല യിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.കെ.ക്ക് 10,00,000/- രൂപ കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.07.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക്

വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദമായ പ്രൊജക്ടു കളുടെ രൂപരേഖയോ വിശദമായ വിനിയോഗ സാക്ഷ്യപത്രമോ ഇല്ലാതെ കൃത്യമായ മോണിട്ട റിംഗ് സാധ്യമാവുകയില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി-8/19-20ന് മറുപടി നൽകിയിട്ടില്ല. എസ്.എസ്.കെ.ക്ക് കൈമാറിയ 10,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-16 ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ :29/20

പ്രൊജക്ട് : അംഗനവാടി പോഷകാഹാരം

2019-20 വർഷത്തിൽ അംഗനവാടി പൂരക പോഷകാഹാരം പദ്ധതികളുടെ ഭാഗമായി 12,89,156/- രൂപ ചെലവഴിച്ച് മുതുകാട് പെരുവണ്ണാമൂഴിയിലെ സിദ്ധ ഫുഡ് പ്രോഡക്ടസ് നിർമ്മാണ യൂണിറ്റിൽ നിന്നും 14,653 Kg ന്യൂട്രിമിക്സ് വാങ്ങി പഞ്ചായത്തിലെ 33 അങ്കണവാടികൾ മുഖേന അതാതു അങ്കണവാടി പരിധിയിലുള്ള മൂന്നു വയസ്സുവരേയുള്ള കുട്ടികൾക്ക് വിതരണം ചെയ്യിട്ടുണ്ട്. സിദ്ധ ഫുഡ് പ്രോഡക്ടസ് നിർമ്മാണ യൂണിറ്റിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങിയതിന്റെ വിവരങ്ങൾ താഴെ പറയുന്നു.

| | ബിൽ/സാങ്ഷൻ ഓർഡർ നമ്പർ/ തീയതി | തുക | ന്യൂട്രിമിക്സ് അളവ് (Kg) | വിതരണം ചെയ്ത തിയ്യതി |
|---|---|---|---|---|
| 1 | 2/28.06.2019 | 106574 | 1450 | 15.01.2019 |
| 2 | 2/28.06.2019 | 105104 | 1430 | 06.02.2019 |
| 3 | 2/28.06.2019 | 111498 | 1517 | 12.04.2019 |
| 4 | 2/28.06.2019 | 95550 | 1300 | 14.05.2019 |
| 5 | 2/28.06.2019 | 93100 | 1330 | 10.06.2019 |
| 6 | 4/08.07.2019 | 87832 | 1195 | 08.07.2019 |
| 7 | 4/08.07.2019 | 56594 | 770 | 15.08.2019 |
| 8 | 6/25.02.2020 | 117966 | 1818 | 12.11.2019 |
| 9 | 6/25.02.2020 | 141120 | 1920 | 12.12.2019 |
| 10 | 301/25.02.2020 | 141340 | 1923 | 07.01.2020 |
| | | 12,89,156/- | 14,653 Kg | |

സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിക്കുന്നു. ഇവിടെ അപ്രകാരം ചെയ്യിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി-7/19-20ന് മറുപടി നൽകിയിട്ടില്ല. അംഗൻവാടി കുട്ടികൾക്ക് നൽകുന്ന പോഷകാഹാരത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തി മാത്രം വിതരണം

നടത്തേണ്ടതാണ്. പോഷകാഹാര വിതരണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ സ്ഥാപനത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 അംഗനവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

2019-20 വർഷത്തിൽ അംഗനവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ ഭാഗമായി 30,28,438/- രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 33 അങ്കണവാടികൾ മുഖേന മൂന്നു വയസ്സുവരേയുള്ള കുട്ടികൾക്ക് 14,653 Kg ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് കാട്,പെരുവണ്ണാമുഴിയിലെ സിദ്ധ ഫുഡ് പ്രോഡക്ടസ് നിർമ്മാണ യൂണിറ്റിന് 12,89,156/-രൂപയും 33 അങ്കണവാടികളിലെ മൂന്നു വയസ്സു മുതൽ ആറു വയസ്സു വരെയുള്ള കുട്ടികൾക്ക് പോഷകാഹാരം നൽകിയതിന് 17,39,282/-രൂപയുമാണ് ചെലവഴിച്ചത്. തുക ചെലവഴി ച്ചതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ഫണ്ട് | തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 25,07,059 |
| കേന്ദ്ര ഫണ്ട് | 521,379 |
| | 30,28,438 |

പദ്ധതി രൂപീകരണത്തിലും മോണിട്ടറിംഗിലും നിർണ്ണായക പങ്ക് വഹിക്കേണ്ട ഒരു സുപ്രധാന ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. 2019-20 കാലഘട്ടത്തിൽ സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് മൂന്നു തവണ യാണ് മീറ്റിംഗ് കൂടിയത്. 15-01-2020,22-02-2020, 27-02-2020 എന്നീ ദിവസങ്ങളിലാണ് മീറ്റിംഗ് ചേർന്നത്. മീറ്റിംഗ് കൂടിയതിൽ 2019-20 പദ്ധതികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയു ണ്ടായിട്ടില്ല. പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കാണിക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോ ഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി) 7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പു വരുത്തേണ്ടതായിരുന്നു.

ഗ്രാമ പഞ്ചായത്ത് അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടി കൾ സ്വീകരിക്കാത്തതിന് അഭിപ്രായവും വിശദീകരണവും നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി-6/19-20ന് മറുപടി നൽകിയിട്ടില്ല. അങ്കണവാടി പൂരക പോഷകാഹാരം പദ്ധതിക്കായി ചെലവഴിച്ച 30,28,438/-രൂപ തടസ്സത്തിൽ വെക്കുന്നു. മേൽ ഖണ്ഡിക (എ),(ബി),(സി) എന്നിവയിൽ പറഞ്ഞ നടപടി കളുടെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 മറ്റൊരു അക്കൌണ്ടിലേക്ക് തുക കൈമാറി

നിർവഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

പ്രൊജക്റ്റ് നമ്പർ :140/20

പ്രൊജക്റ്റ് : ലൈഫ് ഭവന പദ്ധതി(പട്ടിക ജാതി)

2019-20 വർഷത്തിൽ ലൈഫ് ഭവന പദ്ധതി(പട്ടിക ജാതി)യുടെ ഭാഗമായി 300,000/-രൂപ രണ്ടു ഗുണഭോക്താക്കൾക്കായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.വിശദാംശം ചുവടെ

| | ഗുണഭോക്താക്കൾ | തുക | ബിൽ നം. |
|---|---|---|---|
| 1 | ഷേർളി<br>തെക്കെപൊയിൽ വീട് | 200,000/- | 1/02.07.2019 (100,000/-)<br>5/30.10.2019 (100,000/-) |
| 2 | മൈഥിലി<br>നെടുവയൽ കുനി | 100,000/- | 14/11.02.2020 (100,000/-) |

2018-19 ൽ ഷേർളിക്ക് 200,000/-രൂപയും മൈഥിലിക്ക് 300,000/-രൂപയും നൽകിയിട്ടുണ്ട്. രണ്ടു വർഷങ്ങളിലായി രണ്ടുപേർക്കും ആകെ 400,000/-നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ അക്കൌണ്ടിലേ ക്കല്ല മേൽ ബില്ലുകൾ പ്രകാരം തുക നൽകിയിരിക്കുന്നത്. അപേക്ഷയോടൊപ്പം സമർപ്പിച്ച എല്ലാ രേഖകൾ പ്രകാരമുള്ള അഡ്രസ്സിൽ നിന്നും വ്യത്യസ്ഥമായി മറ്റൊരു അഡ്രസ്സിലുള്ള വ്യക്തിയുടെ അക്കൌണ്ടിലേക്കാണ് തുക കൈമാറിയത്. വിശദാംശങ്ങൾ ചുവടെ കാണിക്കുന്നു.

എ) മൈഥിലി,നെടുവയൽ കുനി

മൈഥിലി,നെടുവയൽ കുനി വീട്,കാപ്പാട് എന്ന ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്കായിരുന്നു പണം നൽകേണ്ടിയിരുന്നത്.എന്നാൽ ഇതേ പേരിൽ മീത്തലെചെറിയാടത്ത്, അയനിക്കാട്പി.ഒ എന്ന അഡ്രസ്സിൽ 05.10,2018ൽ ആരംഭിച്ച മറ്റൊരു വ്യക്തിയുടെ അക്കൌണ്ടി ലേക്കാണ് 100,000/-രൂപ കൈമാറിയത്.

ബി) ഷേർളി,തെക്കെപൊയിൽ വീട് :

ഷേർളി,തെക്കെപൊയിൽ വീട്,കൊളക്കാട്,ചേമഞ്ചേരി എന്ന ഗുണഭോക്താവിന്റെ അക്കൌണ്ടി ലേക്കായിരുന്നു പണം നൽകേണ്ടിയിരുന്നത്. എന്നാൽ ഇതേ പേരിൽ താഴെ പെരുവയലിൽ, മുചുകുന്നു പി.ഒ, മൂടാടി എന്ന അഡ്രസ്സിൽ 01.01.2016ൽ ആരംഭിച്ച മറ്റൊരു വ്യക്തിയുടെ അക്കൌണ്ടിലേക്കാണ് 200,000/-രൂപ നൽകിയത്.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി-9/19-20ന് മറുപടി നൽകിയിട്ടില്ല. മൈഥിലി,നെടുവയൽ കുനി വീട്,കാപ്പാട്, ഷേർളി,തെക്കെപൊയിൽ വീട്, കൊളക്കാട്, ചേമഞ്ചേരി എന്നീ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് പണം നൽകേണ്ടിയിരുന്നതിനു പകരം മറ്റു അഡ്രസ്സിലുള്ള വ്യക്തികളുടെ അക്കൌണ്ടിലേക്ക് കൈമാറിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 300,000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥ നിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 രേഖകൾ ഹാജരാക്കാതെ വിവാഹ ധനസഹായം

പ്രോജക്റ്റ് നം. - 8/20

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

ഫണ്ട് വികസനം- (എസ്.സി.പി)

ബിൽ നം. തി.- 2/29.11.2019

തുക- 150,000/-

പട്ടികജാതിയിൽപ്പെട്ട യുവതികളുടെ വിവാഹ ധനസഹായം എന്ന പദ്ധതിയിൽ ബിൽ നം. 2/29.11.2019പ്രകാരം 2 യുവതികൾക്ക് 75000/-രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ഈ

പദ്ധതിയിലെ 2 ഗുണഭോക്താക്കളുടേയും രക്ഷിതാക്കളുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയിരിക്കുന്നത്. ഇതിൽ മഞ്ജുഷ അപേക്ഷയോടൊപ്പം റേഷൻ കാർഡിന്റെ കോപ്പി ഹാജരാക്കി യിട്ടില്ല. പഞ്ചായത്തിലെ സ്ഥിരതാമസക്കാരാണെന്നും ഗുണഭോക്താക്കളുമായുള്ള ബന്ധവും തെളിയിക്കുന്ന രേഖകളില്ലാതെ തുക അനുവദിച്ചത് ആശാസ്യമല്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി-10/19-20ന് മറുപടി നൽകിയിട്ടില്ല. മഞ്ജുഷക്ക് അനുവദിച്ച 75,000/-രൂപ തടസ്സത്തിൽ വെക്കുന്നു. റേഷൻ കാർഡിന്റെ കോപ്പി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 മറ്റൊരു അക്കൌണ്ടിലേക്ക് തുക കൈമാറി

നിർവഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

പ്രൊജക്ട് നമ്പർ :140/20

പ്രൊജക്ട് : ലൈഫ് ഭവന പദ്ധതി(പട്ടിക ജാതി)

2019-20 വർഷത്തിൽ ലൈഫ് ഭവന പദ്ധതി(പട്ടികജാതി)യുടെ ഭാഗമായി 300,000/-രൂപ രണ്ടു ഗുണഭോക്താക്കൾക്കായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.വിശദാംശം ചുവടെ

| | ഗുണഭോക്താക്കൾ | തുക | ബിൽ നം. |
|---|---|---|---|
| 1 | ഷേർളി<br>തെക്കെപൊയിൽ വീട് | 200,000/- | 1/02.07.2019 (100,000/-)<br>5/30.10.2019 (100,000/-) |
| 2 | മൈഥിലി<br>നെടുവയൽ കുനി | 100,000/- | 14/11.02.2020 (100,000/-) |

2018-19 ൽ ഷേർളിക്ക് 200,000/-രൂപയും മൈഥിലിക്ക് 300,000/-രൂപയും നൽകിയിട്ടുണ്ട്. രണ്ടു വർഷങ്ങളിലായി രണ്ടുപേർക്കും ആകെ 400,000/-നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്കല്ല മേൽ ബില്ലുകൾ പ്രകാരം തുക നൽകിയിരിക്കുന്നത്. അപേക്ഷയോടൊപ്പം സമർപ്പിച്ച എല്ലാ രേഖകൾ പ്രകാരമുള്ള അഡ്രസ്സിൽ നിന്നും വ്യത്യസ്ഥമായി മറ്റൊരു അഡ്രസ്സിലുള്ള വ്യക്തിയുടെ അക്കൌണ്ടിലേക്കാണ് തുക കൈമാറിയത്. വിശദാംശങ്ങൾ ചുവടെ കാണിക്കുന്നു.

എ) മൈഥിലി,നെടുവയൽ കുനി

മൈഥിലി,നെടുവയൽ കുനി വീട്,കാപ്പാട് എന്ന ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്കായിരുന്നു പണം നൽകേണ്ടിയിരുന്നത്. എന്നാൽ ഇതേ പേരിൽ മീത്തലെ ചെറിയാടത്ത്, അയനിക്കാട്പി.ഒ എന്ന അഡ്രസ്സിൽ 05.10.2018 ൽ ആരംഭിച്ച മറ്റൊരു വ്യക്തിയുടെ അക്കൌണ്ടിലേക്കാണ് 100,000/-രൂപ കൈമാറിയത്

ബി) ഷേർളി,തെക്കെപൊയിൽ വീട് :

ഷേർളി,തെക്കെപൊയിൽ വീട്,കൊളക്കാട്,ചേമഞ്ചേരി എന്ന ഗുണഭോക്താവിന്റെ അക്കൌണ്ടി ലേക്കായിരുന്ന പണം നൽകേണ്ടിയിരുന്നത്. എന്നാൽ ഇതേ പേരിൽ താഴെ പെരുവയലിൽ, മുചുകുന്ന് പി.ഒ, മൂടാടി എന്ന അഡ്രസ്സിൽ 01.01.2016ൽ ആരംഭിച്ച മറ്റൊരു വ്യക്തിയുടെ അക്കൌണ്ടിലേക്കാണ് 200,000/-രൂപ നൽകിയത്.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി-9/19-20ന് മറുപടി നൽകിയിട്ടില്ല. മൈഥിലി, നെടുവയൽ കുനി വീട്,കാപ്പാട്, ഷേർളി, തെക്കെപൊയിൽ വീട്, കൊളക്കാട്, ചേമഞ്ചേരി എന്നീ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് പണം നൽകേണ്ടിയിരുന്നതിനു പകരം മറ്റു അഡ്രസ്സിലുള്ള വ്യക്തികളുടെ അക്കൌണ്ടിലേക്ക് കൈമാറിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 300,000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റ് കാലയളവ് | അനുബന്ധം കാണുക |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 700000 | പകൽ വീട് | 623271 | 76729 |
| Do | 2019-20 | 950000 | ലൈഫ് ഭവനപദ്ധതി | 0 | 950000 |
| Do | 2019-20 | 200000 | പാലിയേറ്റീവ് പരിചരണം | 44629 | 155371 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 425000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 0 | 425000 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ചെക്ക് നം. | തുക | | ബാക്കിയുള്ള തുക |
| കെ.എസ്. ഇ .ബി | റോഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 138,139.140/ 29.10.2019 204/31.12.2019 | 1006740 | 0 | 0 |
| കെ.എസ് ഇ.ബി | എസ്.സി കോളനികളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | 137/29.10.2019 | 234430 | 0 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക യൊന്നും നല്കിയിട്ടില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ760000/- വരവുണ്ട് മുൻബാക്കി 3919037/-രൂപയടക്കം 4679037/-രൂപയിൽ അത്രയും തുക തന്നെ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവനവായ്പ | Goms 322/10/Lsgd Dtd 29.1.2010 | 14815500 | 0 | 0 | 0 | 1024646/-രൂപ പലിശ |
| കെയുആർഡി എഫ് സി | 5.1.19<br>6.2.19<br>5.4.19 | 2109037<br>1810000<br>760000 | 3919037 | 455882 | 0 | 4223155 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6521403 |
| തൻവർഷം നിക്ഷേപിച്ച തുക | 532748 |
| | |

| | |
|---|---|
| ആകെ | 7054151 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7054151 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | എഫ് ഡി നം | തുക |
|---|---|---|---|
| 1 | കെ ഡി സി ബാങ്ക് കൊയിലാണ്ടി | 10011807520354 | 406217 |
| 2 | കെ.ഡി.സി ബാങ്ക്, കൊയിലാണ്ടി | 10011807520355 | 540624 |
| 3 | കെ.ഡി.സി ബാങ്ക്, കൊയിലാണ്ടി | 10011806120001 | 1328509 |
| 4 | ചേമഞ്ചേരി സഹകരണ ബാങ്ക് | 0101012163 | 3224577 |
| 5 | ചേമഞ്ചേരി സഹകരണ ബാങ്ക് | 0101010384 | 1554224 |
| ആകെ | | | 7054151 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 39503/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-2(9) | 1800 | SKMആനിമൽ ഫീഡ്സ് | 119030105914/ 21.12.2019 |
| 2010-11 | 3-3 | 37703 | ഉണ്ണികൃഷ്ണൻ,കൺവീനർ | 119030105240/ 30.11.2019 |
| ആകെ | | 39503 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 24 | 2003-04 | 7(14) | കാലഹരണപ്പെട്ട നികുതി(പൊതു പരാമർശം) |
| 2002-03 | ഭാഗം.2 | 2004-05 | (17) | കാലഹരണപ്പെട്ട നികുതി (പൊതു പരാമർശം) |
| 2003-04 | പൊതു പരാമർശം<br>11.13.7.14<br>116 | 2000-01 | 24 | നികുതി പിരിവിൽ അനാസ്ഥ |
| 2004-05 | പൊതു പരാമർശം<br>11.13.17<br>116 | 2002-03 | | നികുതി പിരിവിൽ അലംഭാവം |
| 2013-14<br>പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.2<br>100/98 | | | സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ |
| 2013-14<br>പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.15<br>119 | | | സർക്കാർ / എയ്ഡഡ് സ്കൂൾ അഡ്മിഷൻ |
| 2013-14<br>പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.18<br>132,130 | | | വിദ്യാഭ്യാസ മേഖല എസ്.എസ്.എ. |
| 2013-14<br>അവലോകനം | 6.4.<br>190 | | | തെരുവു വിളക്ക് സംരക്ഷണം |
| 2016-17 | 4.2.1.49 | 2015-16 | 2-9 | പുറമ്പോക്ക് സംരക്ഷണവുമായി ബന്ധപ്പെട്ട അപാകതകൾ |
| | 6(എ)1.2.90 | | 3-2 | ആശ്രയ വീടിന് സ്ഥലം |
| | 6(എ)1.6.90 | | | വീട് ആവശ്യമുള്ളവർ |
| | 6(എ)2.3.91 | | | വീട് റിപ്പയർ |

| | | | | |
|---|---|---|---|---|
| | 6(എ)3.1.91 | | | കുടിവെള്ളം ആവശ്യമുള്ളവർ |
| 2017-18 | 2.1 | | | ഇ-ഗവേണൻസ് ഓഡിറ്റ് റിപ്പോർട്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 4 | ടി.പി. നസീർ ഹുസൈൻ | എൽ.എഫ്. 12333 Spl.Cell/ SC4/ 2000, Dt. 27.5.02, 17.7.02 | 1258 | | | | | | 1258 | | |
| 2 | 1996-97 | 10,12 | കെ.നാരായണൻ നമ്പൂതിരി | Do | 9871 | | | | | | 9871 | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവ ശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | ന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല). | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| ഇല്ല | | | | | | | | | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 91127314 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72536595 |
| വരവിനങ്ങളിലുള്ള നഷ്ടം | 150535 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 300,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41,03,438 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 300,000 | അവിനാഷ് ,വി ഇ ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 10,00,000 | ബാബു.കെ.ടി, ഹെഡ് മാസ്റ്റർ |
| 1-17(1-16ലെ തടസ്സം ഉൾപ്പെടെ) | 30,28,438 | വിജില, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-19 | 75,000 | മിനി എപി, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അവിനാഷ് , വി.ഇ.ഒ | വി.ഇ.ഒ ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് | |
| സൂരജ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | | | |
|---|---|---|---|
| 1999-00 | പി 4/1044/11(1), തി: 23.01.12 | 13 | 26, 27, 29, 30, 33, 35, 37, 38, 39, 43, 44, 45, 46 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി/പി 4/8/ 2020(1), തി:09.12.2020 | 1 | 24 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി/പി 4/ 8/2020(2)തി:09.12.2020 | 1 | 15(1) |
| 2002-03 | പി 4/1044/11(4), തി:23.01.12 | 6 | 6, 9, 12, 13, 15, 16 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി 4/8/ 2020(3), തി:09.12.2020 | 3 | 3-2, 3-5, 3-6 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി/പി 4/ 8/2020(4), തി:09.12.2020 | 7 | 3-3, 3-4 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.5/1372/08 തീയതി 09.02.2009 | 7 | 2-1, 2-2, 2-3, 2-5, 3-1 (1,2,3) 3-5, 3-6 |

| | | | |
|---|---|---|---|
| 2006-07 | പി-5/1335/09/5-10-09 | 10 | 2-2,3-2,3-3,3-4, 3-5,3-6, 3-7,3-9,3-10,4-1, |
| 2008-09 | പി-4/1749/11/20-1-12 | 17 | 2-3,2-4,2-5, 3-2to3-7,3-9, 3-11to3-14, 3-18,3-19,3-20 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.13/282/13 തീയതി 20.07.2013 | 15 | 1-2, 2-1, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9,3-10, 4-2 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി.13/632/13 തീയതി 20.07.2013 | 16 | 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2011-12 | P13/1549/13/11.11,13 | 7 | 1-5,2-2(1),3-3,3-4, 3-5,3-7,3-8 |
| 2012-13,13-14 | P13/565/16/.31.03.2016 | 23 | 1-5,1-9,3-1,3-2,3-4,3-5, 3-6,3-7,3-8,3-11, 3-12, 3-13,3-15,3-16,3-17, 3-18,3-19, 3-20,3-24, 3-26, 3-3,4-7,4-9 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി/13/2164/2016.6.10.2017 | 13 | 2-1,2-2,2,3-2,3-3, 3-4, 3-5,3-7,3-8, 3-9, 3-10, 3-11, 3-12,3-14 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി/13/ 2317/2016.25.03.2017 | 20 | 2-1,2-2,2-3,2-4,2-5, 2-6, 2-7,2-8, 2-9,3-1,3-2, 3-3,3-5,3-6,3-7,3-8, 3-9, 3-10,3-11,4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി/13/ 111/2018 /16.02.2018 | 20 | 2-1(1), 2-1(2), 2-1(5), 2-1(6), 2-5, 3-2, 3- |

| | | | |
|---|---|---|---|
| | | | 4,<br>3-5, 3-7,3-8(3),(4),(5),3-9(3,(4),3-11, 3-14, 3-15,3-16, 3-17, 3-20, 4-4 |
| 2017-18 | കെ എസ് എ കെ കെ ഡി പി4/1941/19 തീ 3.09.20 | 17 | 1-12(2),(3),2-2(1),(2),(3),3-1,3,4,6,7,11,12,13,14,16,18,4-2 |
| 2018-19 | കെ എസ് എ കെ കെ ഡി പി4/797/20തീ 22.09.20 | 4 | 1-12,13,16,4-11 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്